പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 935 — 20/03/2013-ൽ മറുപടിക്ക്

## നാദാപുരത്തെ പട്ടികവർഗ്ഗ കോളനികൾ

ചോദ്യം — മറുപടി

ശ്രീ. ഇ.കെ.വിജയൻ :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും
വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | നാദാപുരം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളെക്കുറിച്ചുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ, പ്രസ്തുത കോളനികൾ നേരിടുന്ന അടിസ്ഥാനസൗകര്യങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ? | സി) | 2009-10 സാമ്പത്തിക വർഷം നാദാപുരം നിയോജക മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ പന്നിയേരി പട്ടികവർഗ്ഗ കോളനിയിൽ 13/-ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി നടപ്പിലാക്കി. വീടില്ലാത്ത ആദിവാസികൾക്ക് ഊരുകൂട്ട ലിസ്റ്റിന്റെ മുഗണനാ ക്രമത്തിൽ വീട് അനുവദിച്ച് നൽകി വരുന്നുണ്ട്. സാമൂഹികമായും, സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പണിയ വിഭാഗക്കാർക്ക് സർക്കാർ നടപ്പിലാക്കി വരുന്ന ഭക്ഷ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ റേഷൻ, പോഷകാഹാര വിതരണം എന്നിവ നൽകി വരുന്നതു കൂടാതെ രോഗംമൂലം ദുരിതം അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സ ധനസഹായവും അനുവദിച്ച് നൽകി വരുന്നു. ജീവനോപാധി പ്രവർത്തനങ്ങൾക്ക് 2010-11 സാമ്പത്തികവർഷം |

| | | | |
|---|---|---|---|
| | | | കണ്ടിവാതുക്കൽ എന്ന കോളനിയിൽ റബർ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം വാണിമേൽ ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികവർഗ്ഗ കോളനികളിൽ റബർ ബോർഡ് മുഖേന റബർ കൃഷി നടപ്പിലാക്കുന്നതിന് റബർ ബോർഡിന് 20/- ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനു പുറമെ, നാദാപുരം നിയോജക മണ്ഡലത്തിലെ വിവിധ പട്ടികവർഗ്ഗ കോളനികളിലെ അവിവാഹിതരായ അമ്മമാർക്ക് ആട്, പശു മുതലായവ ജീവനോപാധികൾ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ